# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.247 | 18.08.2017-ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിലെ പുതിയ സേവനങ്ങളും സൗകര്യങ്ങളും

**ചോദ്യം**

**ശ്രീ.ജോർജ് എം. തോമസ്**
**" ജെയിംസ് മാത്യു**
**" കാരാട്ട് റസാഖ്**
**" ഒ. ആർ. കേളു**

**ഉത്തരം**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| എ) പുതിയ കാലം പുതിയ സേവനം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതോ ഏർപ്പെടുത്താൻ നിശ്ചയിച്ചിട്ടുള്ളതോ ആയ പുതിയ സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | എ) പുതിയ കാലം പുതിയ സേവനം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് സൗകര്യപ്രദമായി സേവനം നൽകുന്നതിന്റെ ഭാഗമായി പല പരിഷ്കാരങ്ങളും വകുപ്പിൽ നടപ്പിലാക്കുകയുണ്ടായി. സംസ്ഥാനത്ത് 315 സബ് രജിസ്ട്രാർ ഓഫീസുകളിലും ഓൺലൈൻ സംവിധാനം വ്യാപിപ്പിച്ചു. കൂടാതെ രജിസ്ട്രേഷൻ ഫീസ് നേരിട്ട് നൽകണമെന്ന വ്യവസ്ഥ ഒഴിവാക്കി ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി. വകുപ്പിൽ ഇ-സ്റ്റാമ്പിങ്, ഇ-പേയ്മെന്റ് സംവിധാനങ്ങളും പാർട്ണർഷിപ് ഫേം, ചാരിറ്റബിൾ സൊസൈറ്റി എന്നിവ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുകയുണ്ടായി. ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും ഡിജിറ്റൽ പകർപ്പുകൾ ലഭ്യമാകുന്നതിനുമുള്ള നടപടികൾ വകുപ്പിൽ ഏർപ്പെടുത്തുന്നതിനും ചിട്ടി രജിസ് ട്രേഷൻ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനായി 280 സ്കാനർ വിതരണം ചെയ്തിട്ടുണ്ട്. |
| ബി) രജിസ്ട്രാർ ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വ്യാപകമായുണ്ടെന്ന് ആക്ഷേപിക്കപ്പെടുന്ന അഴിമതി ഇല്ലാതാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | ബി) 2010-11 സാമ്പത്തിക വർഷം മുതൽ രജിസ്ട്രേഷൻ വകുപ്പിൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജില്ലാ ഓഫീസുകളിലും സബ് രജിസ്ട്രാർ ഓഫീസുകളിലുമുൾപ്പെടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. 315 സബ് രജിസ്ട്രാർ ആഫീസുകളിൽ 208 ഓഫീസുകൾ സർക്കാർ |

കെട്ടിടത്തിലും, 107 ഓഫീസുകൾ വാടക കെട്ടിടത്തിലുമാണ് പ്രവർത്തിച്ചു വരുന്നത്. അടുത്ത നാലു വർഷത്തിനുള്ളിൽ ബാക്കി ഓഫീസുകളും കൂടി സർക്കാർ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

രജിസ്ട്രേഷൻ വകുപ്പിൽ രജിസ്ട്രേഷൻ ഫീസ് അടവാക്കുന്നതിനായി ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 1960 ലെ കേരള മുദ്രപത്രചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 1 ലക്ഷം രൂപയ്ക്ക് മുകളിൽ മൂല്യമുള്ള മുദ്രപത്രങ്ങൾ ആവശ്യമുള്ള ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനവും ഏർപ്പെടുത്തുകയുണ്ടായി. സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും നല്കുന്ന സേവന പ്രദാനങ്ങൾക്ക് വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് പരമാവധി സേവനങ്ങൾ ഇൻറർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റുകയുണ്ടായി. പൊതുജനങ്ങൾക്ക് സബ് രജിസ്ട്രാർ ഓഫീസിൽ പോകാതെ തന്നെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് എടുക്കുന്നതിനുള്ള സൗകര്യം നിലവിൽ ലഭ്യമാണ്. അതിലേക്കായി വകുപ്പിലെ 1000 ത്തോളം ജീവനക്കാർക്ക് ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്.

| | |
|---|---|
| സി) വസ്തുകൈമാറ്റം നടത്താൻ ഉദ്ദേശിക്കുന്നവർ, നോട്ടുനിരോധനം മൂലം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ വിശദീകരിക്കാമോ? | സി) സബ് രജിസ്ട്രാർ ആഫീസിൽ ഒടുക്കേണ്ട തുക ഡിമാന്റ് ഡ്രാഫ്റ്റ് മുഖേനയോ, ഇന്റർനെറ്റ് ബാങ്കിംഗ് മുഖേനയോ ഒടുക്കുന്നതിനുള്ള സൗകര്യമുള്ളതിനാൽ നോട്ട് നിരോധനം മൂലം പൊതുജനങ്ങൾക്ക് വസ്തുകൈമാറ്റത്തിൽ ബുദ്ധിമുട്ട് നേരിടുകയുണ്ടായില്ല. |

സെക്ഷൻ ഓഫീസർ